പുതിയ താലൂക്കുകൾ.

*1292. [7] ശ്രീ. ടി. കെ. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1959-60 സാമ്പത്തികവർഷത്തിൽ സ്റ്റേറ്റിൽ എവിടെയെല്ലാമാണ് പുതുതായി താലൂക്കുകൾ രൂപീകരിക്കുന്നത് ;

(ബി) കുന്നംകുളം ആസ്ഥാനമായി ഒരു താലൂക്ക് സ്ഥാപിക്കുന്നതു സംബന്ധിച്ച് ഗവണ്മെൻറിനു വല്ല നടപടിയും എടുത്തിട്ടുണ്ടോ ?

റവന്യൂവകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ) മരണപരിഷ്കരണക്കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് ബ്ലോക്കുകളെയും, താലൂക്കുകളെയും പുനഃസംഘടിപ്പിക്കുന്ന കാര്യം ഗവണ്മെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. സ്റ്റേറ്റിൽ എവിടെയെല്ലാം പുതുതായി താലൂക്കുകൾ രൂപീകരിക്കുമെന്നും ഇപ്പോൾ പറയുവാൻ സാദ്ധ്യമല്ല.

(ബി) ഉദിക്കുന്നില്ല.

പോലീസ് സബ് ഇൻസ്പെക്ടർമാർക്ക് വേണ്ട പരീക്ഷായോഗ്യത.

*1293. [8] ശ്രീ. കെ. ഹസ്സൻ ശനി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സബ് ഇൻസ്പെക്ടർമാർക്ക് കുറഞ്ഞത് എത്ര വിദ്യാഭ്യാസം ഉണ്ടായിരിക്കണമെന്നാണ് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നത് ;

(ബി) പോലീസു ഡിപ്പാർട്ടുമെൻറിൽ എത്ര ഗ്രാഡുവേറ്റ് ഹെഡ് കോൺസ്റ്റബിൾസ് ഉണ്ട് ;

(സി) പ്രമോഷൻ കാര്യത്തിൽ ഗ്രാഡുവേറ്റ് ഹെഡ് കോൺസ്റ്റബിൾമാർക്ക് എന്തെങ്കിലും മുൻഗണന നൽകുന്നുണ്ടോ ;

(ഡി) സബ്ബീസിലെ മറ്റു വിഭാഗത്തിലുള്ളതുപോലെ പോലീസ് ഡിപ്പാർട്ടുമെൻറിലും പ്രമോഷൻ കാര്യത്തിൽ ഗ്രാഡുവേറ്റ് സിനും, അണ്ടർ ഗ്രാഡുവേറ്റ് സിനും എന്തെങ്കിലും പ്രൊപ്പോർഷൻ നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യത്തെപ്പറ്റി ഗവണ്മെൻറ് ആലോചിക്കുമോ ?

പൊതുഭരണത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദ്) :

(എ) പോലീസ് സബ് ഇൻസ്പെക്ടർമാരെ ഡയറക്ടറായിട്ട് റിക്രൂട്ടുചെയ്യുന്നതിനു കുറഞ്ഞ പരീക്ഷായോഗ്യത ഗ്രാഡുവേഷൻ വേണമെന്നു കൽപ്പിച്ചിട്ടുണ്ട്. കോൺസ്റ്റംബുലറിയിൽനിന്നും സബ് ഇൻസ്പെക്ടർമാരെ പ്രമോട്ടു ചെയ്യുന്നതിനെ സംബന്ധിച്ചിടത്തോളം ഗ്രാഡുവേഷൻ ഒരു യോഗ്യതയായി പരിഗണിച്ചിട്ടില്ല.

(ബി) 29.

(സി) ഇല്ല.

(ഡി) പോലീസു ഡിപ്പാർട്ടുമെൻറിലെ എക്സിക്യൂട്ടീവു ബ്രാഞ്ചിൽ പ്രമോഷൻ സംബന്ധിച്ച് ഗ്രാഡുവേഷനും അണ്ടർ ഗ്രാഡുവേഷനും തമ്മിൽ യാതൊരു പ്രൊപ്പോർഷനും നിശ്ചയിച്ചിട്ടില്ല. പോലീസ് എക്സിക്യൂട്ടീവ് ബ്രാഞ്ചിൽ പ്രമോഷൻറെ മാനദണ്ഡം പ്രധാനമായി കാര്യക്ഷമതയും സീനിയറിറ്റിയുമാണ്. അതിനാൽ, ഈ ചോദ്യത്തിൽ സൂചിപ്പിച്ചപ്രകാരം പ്രമോഷൻ കാര്യത്തിൽ ഒരു പ്രൊപ്പോർഷൻ നിശ്ചയിച്ചിട്ടുണ്ടെന്നുള്ള അഭിപ്രായമൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly